"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മൃഗസംരക്ഷണ വകുപ്പ്- 2025-26 സാമ്പത്തിക വർഷത്തെ LH&DCP- ASCAD കേന്ദ്രാവിഷ്കൃത പദ്ധതിക്കായി രണ്ടാം ഗഡു- 60:40 ഘടകത്തിൽ അനുവദിച്ച തുക - താത്ക്കാലികമായി എ ഡി സി പി പ്രോജക്ട് കോ-ഓർഡിനേറ്ററെ 'എൻഡ് ബെനിഫിഷ്യറി (End Beneficiary) ആക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**മൃഗസംരക്ഷണ (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.189/2026/AHD തീയതി,തിരുവനന്തപുരം, 24-03-2026

---

പരാമർശം:- 1. GO(Rt) No. 158/2026/AHD dated 13/03/2026

2. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 13/03/2026 & 19/03/2026 തീയതികളിലെ AHD/111/2025-B1 നമ്പർ കത്തുകൾ

**ഉത്തരവ്**

2025-26 സാമ്പത്തിക വർഷത്തെ LH&DCP- ASCAD കേന്ദ്രാവിഷ്കൃത പദ്ധതിക്കായി അനുവദിച്ചു കിട്ടിയ രണ്ടാം ഗഡുകേന്ദ്ര വിഹിതമായ 224.53 ലക്ഷം രൂപയും ആനുപാതിക സംസ്ഥാന വിഹിതമായ Rs 152.71667 ലക്ഷം രൂപയും ചേർത്ത് ആകെ Rs. 377.24667 രൂപ അധിക ധനാഭ്യർഥന മുഖാന്തിരം അനുവദിച്ചു റിലീസ് ചെയ്യുന്നതിനായി പരമാർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇതിൽ ASCAD 60:40 ഘടകത്തിൻ കീഴിൽ 301.02 ലക്ഷം രൂപ എ.ഡി.സി.പി പദ്ധതിയുടെ കീഴിൽ വിവിധ വാക്സിനേഷൻ പ്രവർത്തനങ്ങൾക്കായി ആവശ്യമുള്ള സിറിഞ്ചുകൾ, സൂചികൾ, ഗ്ലൗസുകൾ, മാസ്കുകൾ, മരുന്നുകൾ (Dewormer) തുടങ്ങിയ ലോജിസ്റ്റിക്സ് സാധനങ്ങൾ വാങ്ങുന്നതിനായിട്ടാണ് ഉപയോഗിക്കേണ്ടത് എന്നും 4,50,61,160 രൂപയുടെ (നാല് കോടി അൻപത് ലക്ഷത്തി അറുപത്തി ഒന്നായിരത്തി ഒരുന്നൂറ്റി അറുപത് രൂപ) വാങ്ങൽ അനുമതി അന്തിമ ഘട്ടത്തിലായതായി പ്രോജക്ട് കോ-ഓഡിനേറ്റർ എഡിസിപി അറിയിച്ചിട്ടുണ്ടെന്ന് പരമാർശം (2) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു

ആയതിനാൽ അസ്കാഡ് 60:40 ഘടകത്തിൽ അനുവദിച്ച കിട്ടുന്ന തുക പ്രോജക്ട് കോ-ഓർഡിനേറ്ററെ 'എൻഡ് ബെനിഫിഷ്യറി' (End Beneficiary) ആയി അംഗീകരിച്ച് പ്രോജക്ട് കോ-ഓർഡിനേറ്ററുടെ പേരിലുള്ള SBI വികാസ് ഭവൻ ബ്രാഞ്ച് അക്കൗണ്ടിലേക്ക് (A/c No: 57044156614, IFSC:-SBIN0070415) അനുവദിച്ച് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും പരമാർശം (2) പ്രകാരം മ്ൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു

സർക്കാർ ഇക്കാര്യം വിശദാമായി പരിശോധിച്ചു. പരമാർശം (2) പ്രകാരം 16-03-2026 ന് കൂടിയ LH & DCP റിവ്യൂ മീറ്റിംഗിൽ നടപ്പ് സാമ്പത്തികവർഷം ചിലവ് ചെയ്യാൻ കഴിയാതെ വരുന്ന committed expenditure അടുത്ത സാമ്പത്തികവർഷം പരിഗണിക്കുവാൻ ആകില്ല എന്ന് അറിയിച്ചിട്ടുള്ളതായി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും, അടിയന്തര സാഹചര്യം പരിഗണിച്ചും, സാമ്പത്തിക വർഷം അവസാനിക്കുന്ന ഘട്ടമായതിനാൽ, ലഭ്യമായ മദർ സാങ്ഷൻ ലാപ്സാകാതെയിരിക്കാൻ പ്രോജക്ട് കോ-ഓർഡിനേറ്ററുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ തുക GeM ന് അടിയന്തരമായി കൈമാറേണ്ടതാണെന്നും, ടി തുക പ്രസ്തുത അക്കൗണ്ടിൽ പാർക്ക് ചെയ്യാൻ പാടില്ലയെന്ന നിബന്ധനയിൽ 2025-26 സാമ്പത്തിക വർഷത്തെ LH&DCP- ASCAD കേന്ദ്രാവിഷ്കൃത പദ്ധതിക്കായി രണ്ടാം ഗഡു- 60:40 ഘടകത്തിൽ അനുവദിച്ച തുകയ്ക്ക് താത്ക്കാലികമായി എ ഡി സി പി പ്രോജക്ട് കോ-ഓർഡിനേറ്ററെ 'എൻഡ് ബെനിഫിഷ്യറി (End Beneficiary) ആക്കി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിൻഹാജ് അലം ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ്റ് ജനറൽ (എ&ഇ)/ ഓഡിറ്റ്) കേരള. തിരുവനന്തപുരം

ധനകാര്യ വകുപ്പ് (3457208/Agri-B1/152/2026-FIN - 24/03/2026)

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയിൽ / ഓഫീസ് കോപ്പി (G1/147/2025-AH)

ഉത്തരവിൻ പ്രകാരം

Signed by
Resmi R S
Date: 24-03-2026 16:58:49

സെക്ഷൻ ഓഫീസർ

പകർപ്പ് :-ബഹു: മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പു മന്ത്രിയുടെ പി.എസ് -ന്
മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ യ്ക്ക്
മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്